©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ഫെബ്രുവരി 6<br>6th February 2018<br>1193 മകരം 23<br>23rd Makaram 1193<br>1939 മാഘം 17<br>17th Magha 1939 | നമ്പർ<br>No. | 6 |

## PART IV

# Private Advertisements and Miscellaneous Notifications

## കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല

പൂക്കോട്, ലക്കിടി പി. ഒ., വയനാട്-673 576.

വിജ്ഞാപനം

നമ്പർ കെ.വി.എ.എസ്.യു./ജി.എ.ഡി./3913/2017.

2017 ഡിസംബർ 27.

സർവ്വകലാശാലയുടെ മാനേജ്മെന്റ് കൗൺസിലിൽ, സർവ്വകലാശാല ആക്ട് 2010 (2011-ലെ ആക്ട് 3) 21-ാം വകുപ്പിലെ ഉപവകുപ്പ് 2 (i)-ൽ സൂചിപ്പിച്ചിട്ടുള്ള നിയമസഭാ സാമാജികരുടെ 2 (രണ്ട്) ഒഴിവുകളിലേക്ക് (ഒരെണ്ണം പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം ചെയ്തിരിക്കുന്നു.) സർവ്വകലാശാലയുടെ ഭേദഗതി ചെയ്ത സ്റ്റാറ്റ്യൂട്ടിലെ XXIV-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ പ്രകാരം കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ടു വഴി ആനുപാതിക പ്രാതിനിധ്യ സമ്പ്രദായത്തിലൂടെ തെരഞ്ഞെടുപ്പ് നടത്തുന്നതിനായുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

വിജ്ഞാപനം പുറപ്പെടുവിക്കുകയും നാമനിർദ്ദേശ പത്രിക വിതരണം ആരംഭിക്കുകയും ചെയ്യുന്ന തീയതി—27-12-2017.

നാമനിർദ്ദേശ പത്രിക റിട്ടേണിംഗ് ഓഫീസറുടെ കാര്യാലയത്തിൽ സ്വീകരിച്ചു തുടങ്ങുന്ന തീയതി—15-1-2018.

നാമനിർദ്ദേശ പത്രിക സ്വീകരിക്കാനുള്ള അവസാന തീയതിയും സമയവും—31-1-2018, 1 p.m.

നാമനിർദ്ദേശ പത്രിക സൂക്ഷ്മ പരിശോധന നടത്തുന്ന തീയതിയും സമയവും—31-1-2018, 2 p.m.

നിയമസാധുതയോടെ നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതിയും സമയവും—31-1-2018, 5 p.m.

നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന തീയതിയും സമയവും—3-2-2018, 4 p.m.

സ്ഥാനാർത്ഥികളുടെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കാനുള്ള തീയതിയും സമയവും—3-2-2018, 5 p.m.

പോസ്റ്റൽ ബാലറ്റ് പേപ്പർ അയച്ചുതുടങ്ങുന്ന തീയതി—8-2-2018.

പോസ്റ്റൽ ബാലറ്റ് പേപ്പർ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—6-3-2018, 5 p.m.

വോട്ടെണ്ണൽ നടത്തുന്ന തീയതിയും സമയവും—7-3-2018, 10 a.m. റിട്ടേണിംഗ് ഓഫീസറുടെ കാര്യാലയത്തിൽ വച്ച്.

തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിനൊപ്പം സർവ്വകലാശാല പ്രസിദ്ധീകരിക്കുന്ന വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് മാത്രമേ തെരഞ്ഞെടുപ്പിൽ മൽസരിക്കുവാനോ വോട്ട് രേഖപ്പെടുത്തുവാനോ ഉള്ള നിയമപരമായ അവകാശം ഉണ്ടാകുകയുള്ളൂ. നാമനിർദ്ദേശ പത്രികയും, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മറ്റു വിശദാംശങ്ങളും, സർവ്വകലാശാല രജിസ്ട്രാറുടെ ഓഫീസിൽ നിന്നും, സർവ്വകലാശാല വെബ്സൈറ്റ് ആയ www.kvasu.ac.in-ൽ നിന്നും ലഭിക്കുന്നതാണ്.

(ഒപ്പ്)
രജിസ്ട്രാർ & റിട്ടേണിംഗ് ഓഫീസർ.